## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2168 — 18.06.2013 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറി വകുപ്പിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | നിലവിൽ എവിടെയാണ് ഭാഗ്യക്കുറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നത്; | (എ) | സി-ആപ്റ്റ് വട്ടിയൂർക്കാവ്, തിരുവനന്തപുരം, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, എറണാകുളം എന്നീ പ്രസ്സുകളിലാണ് നിലവിൽ ഭാഗ്യക്കുറി ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നത്. |
| (ബി) | മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഭാഗ്യക്കുറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുള്ള മെഷിനറിയും സ്റ്റാഫും ഉണ്ടായിട്ടും അവിടെ പ്രിന്റിംഗ് നടത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പരിശോധിച്ചിട്ടുണ്ട്. മണ്ണന്തല പ്രസ്സിൽ ലോട്ടറി ടിക്കറ്റ് അച്ചടി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഭാഗ്യക്കുറി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടക്കുന്നുണ്ടോ ? എത്ര ഒഴിവുകളിലാണ് നിയമനം നടത്തിയിട്ടുള്ളത്; | (സി) | 134 ക്ലറിക്കൽ തസ്തികകളിലേയ്ക്കും 16 ഓഫീസ് അറ്റൻഡന്റ് (ലാസ്റ്റ് ഗ്രേഡ്) തസ്തികകളിലേയ്ക്കും താത്കാലികാടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണോ നിയമനം നടത്തുന്നത് എത്ര നിയമനം എംപ്ലോയ്മെന്റ് വഴി നടന്നിട്ടുണ്ട് . എംപ്ലോയ്മെന്റ് മുഖാന്തിരമല്ലാതെ നിയമനങ്ങൾ നടന്നിട്ടുണ്ടോ ; എങ്കിൽ എത്ര ; നിയമനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ ? | (ഡി) | മേൽ പ്രസ്താവിച്ച എല്ലാ ഒഴിവുകളിലേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് ഒഴിവുകൾ അറിയിച്ചിട്ട് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കാൻ കാലതാമസം നേരിടുന്ന അവസരങ്ങളിൽ ടി ലിസ്റ്റ് ലഭിക്കുന്നതുവരെ താൽക്കാലികമായി, നിശ്ചിത യോഗ്യതയുള്ള, പരിചയസമ്പന്നരായ ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നല്കിയ 12 എൽ.ഡി. ക്ലാർക്കുമാരും 2 ഓഫീസ് അറ്റൻഡന്റുമാരും ഇപ്പോൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.